# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 383 — 26.06.2013-ൽ മറുപടിയ്ക്ക്

### വൻകിട ജലസേചന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) പുതിയ വൻകിട ജലസേചന പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച നയം വിശദമാക്കുമോ; | എ) പുതിയ വൻകിട ജലസേചന പദ്ധതികൾ ഒരു പ്രദേശത്തെ ഭൂരിഭാഗം വരുന്ന ജനങ്ങൾക്കും ഉപകാരപ്രദവും പദ്ധതിയുടെ ആവശ്യകതയും ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി അവ നടപ്പിലാക്കാവുന്നതാണ്. സംസ്ഥാന ജലനയത്തിൽ ജലവിഭവ പദ്ധതി നിർവ്വഹണത്തിൽ കൃത്യമായ അവലോകനവും പ്രക്രിയകളുടെ രേഖപ്പെടുത്തലും ഒരു അവിഭാജ്യ ഘടകമാണ്. കൂടാതെ പദ്ധതി നിർവ്വഹണം നിർദ്ദിഷ്ടസമയ പരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കുന്നതിനു വേണ്ടി ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി നടപടി ക്രമങ്ങൾ പുനഃക്രമീകരിക്കുകയും ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതുമാണ്. ഇതിനായി നിലവിലുള്ള ഔദ്യോഗിക സംവിധാനം പരിശോധിച്ച് സമയബന്ധിതമായ പദ്ധതി നിർവ്വഹണത്തിന് യോജിച്ച വിധം പുനഃസംഘടിപ്പിക്കേണ്ടതുമാണ്. |

ബി) ജല ലഭ്യതയുടെ അടിസ്ഥാനത്തിൽ പുതിയ ഡാമുകൾക്കുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

ബി) ജല ലഭ്യതയുടെ അടിസ്ഥാനത്തിൽ പുതിയ ഡാമുകൾക്കുള്ള സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്. കാവേരി വാട്ടർ ഡിസ്പ്യൂട്ട് ട്രിബ്യൂണലിന്റെ (Cauvery Water Dispute Tribunal) ന്റെ അന്തിമ വിധി പ്രകാരം കേരളത്തിനു 30 TMC ജലം കാവേരി നദീ തടത്തിനു ലഭിച്ചിട്ടുണ്ട്. ഇതിൽ 21 TMC ജലം കബനി ബേസിനും 6 TMC ജലം ഭവാനി ബേസിനും 3 TMC ജലം പാമ്പാർ ബേസിനും നൽകിയിട്ടുണ്ട്. ഈ ജലം വിനിയോഗിക്കുവാൻ മൂന്നു ബേസിനുകളിലും വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. കബനി ബേസിനിൽ 9 പുതിയ പദ്ധതികളും ഭവാനി ബേസിനിൽ 3 പദ്ധതികളും പാമ്പാർ ബേസിനിൽ 15 പുതിയ പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. ഇവയിൽ ഭവാനി ബേസിനിലെ അട്ടപ്പാടി ജലസേചന പദ്ധതിയുടെയും കബനി ബേസിനിലെ 9 പദ്ധതികളുടെയും പാമ്പാർ ബേസിനിലെ 8 പദ്ധതികളുടെയും പര്യവേഷണം പൂർത്തിയായി കഴിഞ്ഞു.

ഭവാനി ബേസിനിലെ അട്ടപ്പാടി വാലി ജലസേചന പദ്ധതിയ്ക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി കഴിഞ്ഞു. കൂടാതെ പാമ്പാർ ബേസിനിലെ പട്ടിശ്ശേരി ഡാമിനുള്ള ഭരണാനുമതിയും സർക്കാർ നൽകി കഴിഞ്ഞു.

മുല്ലപ്പെരിയർ ഡാമിന്റെ കാലപ്പഴക്കവും ബലക്ഷയവും കണക്കിലെടുത്തുകൊണ്ട് ഇപ്പോഴുള്ള ഡാമിന്റെ താഴെയായി ഒരു പുതിയ ഡാം നിർമ്മിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. പുതിയ ഡാമിന്റെ സാദ്ധ്യതാ പഠനം നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട്(DPR) തയ്യാറാക്കിയത് സർക്കാരിന് ലഭിച്ചിട്ടുണ്ട്. സുപ്രീംകോടതിയുടെ Empowered Committee യ്ക്കും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മീനച്ചിൽ നദിയിൽ പഴുക്കക്കാനത്ത് ഒരു ഡാം പണിയുന്നതിനുവേണ്ടി പര്യവേഷണം പൂർത്തിയാക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചു വരുന്നു. മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്ന 7 മിനി ഡാമുകളുടെ പര്യവേഷണം നടന്നു വരുന്നു. കൂടാതെ വാമനപുരം പദ്ധതിയിൽ ഉൾപ്പെടുത്തി വാമനപുരം നദിയ്ക്ക് കുറുകെ ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

സി) നിലവിൽ പണി നടന്നുവരുന്ന പദ്ധതികളെ സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

സി) നിലവിൽ ജലസേചന വകുപ്പിന്റെ കീഴിൽ കാരാപ്പുഴ, ബാണാസുര സാഗർ എന്നീ ജലസേചന പദ്ധതികളുടേയും പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിന്റെയും പ്രവർത്തികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ